"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.WCD-B1/306/2025-WCD
വനിതാ-ശിശു വികസന (ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 09-09-2026

## സർക്കുലർ

വിഷയം:- വനിതാ-ശിശു വികസന വകുപ്പ് - വകുപ്പുമായി ബന്ധപ്പെട്ടതല്ലാത്ത അധിക ചുമതലകളിൽ നിന്നും അങ്കണവാടി പ്രവർത്തകരെ (AWW/AWH) ഒഴിവാക്കുന്നത് - മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. കേന്ദ്ര വനിതാ-ശിശു വികസന മന്ത്രാലയത്തിന്റെ **Mission Saksham Anganwadi & Poshan 2.0** മാർഗ്ഗരേഖകൾ.

2. കേന്ദ്ര വനിതാ-ശിശു വികസന മന്ത്രാലയത്തിന്റെ 28/10/2025 ലെ 11/2/2021-CD-I നമ്പർ കത്ത്.

3. വനിതാ-ശിശു വികസന ഡയറക്ടറുടെ 15/11/2025-ലെ DWCD/813/2025-ICDS B3 നമ്പർ കത്ത്.

********************

കേന്ദ്ര വനിതാ-ശിശു വികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള **Mission Saksham Anganwadi & Poshan 2.0** മാർഗ്ഗരേഖകൾ പ്രകാരം അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രധാന സേവനങ്ങൾ ചുവടെ പറയുന്നവയാണ്:

- അനുപൂരക പോഷകാഹാര വിതരണം
- അനൗപചാരിക പ്രീസ്കൂൾ വിദ്യാഭ്യാസം
- ആരോഗ്യ പോഷണ വിദ്യാഭ്യാസം
- ഇമ്മ്യൂണൈസേഷൻ
- ഹെൽത്ത് ചെക്കപ്പ്
- പരാമർശ സേവനങ്ങൾ
- പോഷൻ ട്രാക്കർ (Poshan Tracker) ആപ്ലിക്കേഷനിൽ പ്രതിദിന മോണിറ്ററിംഗ്, ഹാജർ, വളർച്ചാ രേഖപ്പെടുത്തലുകൾ എന്നിവ സമയബന്ധിതമായി നിർവ്വഹിക്കൽ.

ഹോണറേറിയത്തിൽ ജോലി ചെയ്യുന്ന അങ്കണവാടി പ്രവർത്തകർക്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മറ്റ് വകുപ്പുകളും ഏൽപ്പിക്കുന്ന വിവിധ സർവേകൾ, ഇലക്ഷൻ ബി.എൽ.ഒ. (BLO) ഡ്യൂട്ടി, മറ്റ് സാമൂഹിക ക്ഷേമ സ്കീമുകളുമായി ബന്ധപ്പെട്ട ജോലികൾ തുടങ്ങിയ പദ്ധതി ഇതര പ്രവർത്തനങ്ങൾ നൽകി വരുന്നത് അവരുടെ പ്രാഥമിക ചുമതലകളുടെ കാര്യപ്രാപ്തിയെയും സമയബന്ധിതമായ നിർവ്വഹണത്തെയും സാരമായി ബാധിക്കുന്നുണ്ട്. മിഷൻ സക്ഷം അങ്കണവാടി & പോഷൻ 2.0-യുമായി നേരിട്ട് ബന്ധമില്ലാത്ത യാതൊരു ജോലികളിലും അങ്കണവാടി പ്രവർത്തകരെ ഏർപ്പെടുത്തരുതെന്ന് കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

അങ്കണവാടി സേവനങ്ങൾ കൂടുതൽ സുഗമവും കാര്യക്ഷമവുമാക്കുന്നതിനും, മാതൃ-ശിശു ആരോഗ്യ-പോഷണ പ്രവർത്തനങ്ങളിൽ പൂർണ്ണ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുമായി അങ്കണവാടി പ്രവർത്തകരെ (AWW/AWH) അങ്കണവാടി സേവനങ്ങളുമായി നേരിട്ട് ബന്ധമില്ലാത്ത ജോലികളിൽ നിന്നും ഒഴിവാക്കേണ്ടത് അത്യാവശ്യമാണെന്ന് സർക്കാർ വിലയിരുത്തുന്നു.

പ്രസ്തുത സാഹചര്യത്തിൽ, അങ്കണവാടി വർക്കർമാരെയും ഹെൽപ്പർമാരെയും ICDS/അങ്കണവാടി സേവനങ്ങൾക്ക് പുറമേയുള്ള വിവിധ വകുപ്പുകളുടെ സർവേകൾ, മറ്റ് വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതികളുമായി ബന്ധപ്പെട്ട അധിക ചുമതലകൾ എന്നിവയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു. എല്ലാ ജില്ലാ കളക്ടർമാരും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, മറ്റ് വകുപ്പ് മേധാവികളും ഈ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

**SANTHOSH KUMAR T K**
**ADDITIONAL SECRETARY**

വനിതാ-ശിശു വികസന ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ വകുപ്പ് മേധാവികൾക്കും.
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി (എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്നതിനായി).

എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും / സി.ഡി.പി.ഒ. മാർക്കും (വനിതാ ശിശു വികസന വകുപ്പ്).

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Hena R Raj
Date: 10-09-2026
11:19:33

സെക്ഷൻ ഓഫീസർ.

Endt no. 939868/2026/N-dis

വനിതാശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 14.09.2026

മേൽ സർക്കുലർ അറിവിലേക്കും തുടർനടപടികൾക്കുമായി നൽകുന്നു.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

1. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും.